# ജയിലുകളിൽ ജ്യോതിസ് കേന്ദ്രങ്ങൾ; എച്ച്ഐവി നിയന്ത്രണ പ്രവർത്തനങ്ങൾ ആരംഭിച്ചു

**സം**സ്ഥാനത്തെ ആറു ജില്ലകളിലെ 21 ജയിലുകളിൽ എച്ച്ഐവി നിയന്ത്രണ പ്രവർത്തനങ്ങൾ ആരംഭിച്ചു. കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ഓരോ ജില്ലയിലും എച്ച്ഐവി പരിശോധനയ്ക്കും കൗൺസലിംഗിനുമായി ഓരോ ജ്യോതിസ് കേന്ദ്രം വീതം ആരംഭിച്ചു കൊണ്ടാണ് ഈ പ്രവർത്തനങ്ങൾ തുടങ്ങിയിരിക്കുന്നത്.

തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലാണ് ജ്യോതിസ് കേന്ദ്രങ്ങൾ നിലവിൽ വന്നത്. പാലക്കാട് ജില്ലയിൽ ജ്യോതിസ് കേന്ദ്രം ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്. ജ്യോതിസ് കേന്ദ്രങ്ങളിലൂടെ എച്ച്ഐവി പരിശോധനയും കൗൺസലിംഗും ബോധവത്കരണ പ്രവർത്തനങ്ങളും സംഘടിപ്പിക്കുന്നുണ്ട്.

ഓരോ ജ്യോതിസ് കേന്ദ്രത്തിലും ഒരു കൗൺസലറെയും ഒരു ലാബ് ടെക്നീഷ്യനെയും നിയമിച്ചിട്ടുണ്ട്. ജയിലുകളിലെ സൂപ്രണ്ടുമാർ, മെഡിക്കൽ ഓഫീസർമാർ എന്നിവരുടെ സഹായത്തോടെയാണ് ഇവർ എച്ച്ഐവി പ്രതിരോധ പ്രവർത്തനങ്ങളും സ്വമേധയാ തയാറാകുന്നവർക്ക് എച്ച്ഐവി പരിശോധനയും മറ്റും നടത്തുന്നത്. ഇതുകൂടാതെ അന്തേവാസികൾക്കിടയിൽ എച്ച്ഐവിയേക്കുറിച്ച് ശരിയായ അവബോധം സൃഷ്ടിക്കുന്നതിനായുള്ള പ്രവർത്തനങ്ങളും നടത്തുന്നുണ്ട്.

ജയിലുകളിലെത്തുന്ന സ്ത്രീ, പുരുഷ തടവുകാരെ എച്ച്ഐവി പരിശോധന നടത്താൻ പ്രേരിപ്പിക്കുകയും എച്ച്ഐവി സംബന്ധമായ ബോധവത്കരണം, ലൈംഗിക രോഗങ്ങൾക്കുള്ള ചികിത്സ എന്നിവ നടത്തുകയും ചെയ്യുക എന്നതാണ് ലക്ഷ്യം. സ്വവർഗരതി ഉൾപ്പെടെ സുരക്ഷിതമല്ലാത്ത ലൈംഗിക ബന്ധങ്ങൾക്കു കൂടുതൽ സാധ്യതയുള്ള സ്ഥലങ്ങളായാണ് ജയിലുകൾ കണക്കാക്കപ്പെടുന്നത്. ഇതു വഴി ലൈംഗിക രോഗങ്ങളും എച്ച്ഐവി അണുബാധയും പിടിപെടുന്നതിനുള്ള സാധ്യത ഏറെയാണ്.

ഈ സാഹചര്യത്തിലാണ് ജയിലുകളിൽ എച്ച്ഐവി ബോധവത്കരണം നടത്തുന്നതിനും പരിശോധനാ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുമുള്ള സംവിധാനത്തിന് സംസ്ഥാന ജയിൽവകുപ്പും കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയും തുടക്കം കുറിച്ചത്.

കൗൺസലർമാരുടെ സേവനം ലഭ്യമാക്കുന്നതു കൂടാതെ ഓരോ ജയിലിലെയും അന്തേവാസികളിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്നവർക്ക് പരിശീലനം നൽകുന്നുണ്ട്. ഈ വോളണ്ടിയർമാർ വഴി അന്തേവാസികളുടെ ഇടയിൽ ബോധവത്കരണ, നിയന്ത്രണ പ്രവർത്തനങ്ങൾ നടത്തുകയും കൗൺസലിംഗിനുള്ള സാഹചര്യമൊരുക്കുകയും ചെയ്യുന്നതിനുള്ള സംവിധാനമാണ് നടപ്പിലാക്കുന്നത്.

സ്റ്റേറ്റ് ഇൻസ്റ്റിട്യൂട്ട് ഓഫ് കറക്ഷനൽ അഡ്മിനിസ്ട്രേഷൻ, കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി എന്നിവയുടെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ ജയിലുകളിലെ വിവിധ തട്ടുകളിലുള്ള ജീവനക്കാർക്കായി പരിശീലന പരിപാടികൾ സംഘടിപ്പിച്ചിരുന്നു. എച്ച്ഐവി പ്രതിരോധ പ്രവർത്തനങ്ങൾ ജയിലുകളിൽ നടത്തുന്നതിനേക്കുറിച്ചും എച്ച്ഐവി അണുബാധിതരായ തടവുകാരോട് പെരുമാറുന്നതിനേക്കുറിച്ചും പരിശീലനം നൽകുന്നതിനായിരുന്നു ഇത്.

തിരുവനന്തപുരത്തു ചേർന്ന ജയിൽ സൂപ്രണ്ടുമാർ, മെഡിക്കൽ ഓഫീസർമാർ, കൗൺസലർമാർ, ലാബ് ടെക്നീഷ്യന്മാർ എന്നിവരുടെ യോഗത്തിൽ ജയിലുകളിലെ എച്ച്ഐവി പ്രവർത്തനങ്ങളുടെ പ്രാ ഥമിക വിലയിരുത്തലും തുടർനടപടികൾ സംബന്ധിച്ച തീരുമാനങ്ങളും കൈക്കൊണ്ടു.

തിരുവനന്തപുരത്ത് സെൻട്രൽ ജയിൽ പരിധിയിൽ ജില്ലാ ജയിൽ, തുറന്ന ജയിൽ, ആറ്റിങ്ങൽ സബ് ജയിൽ, നെയ്യാറ്റിൻകര വനിതാ ജയിൽ, കൊല്ലത്ത് കൊല്ലം ജില്ലാ ജയിൽ പരിധിയിൽ കൊട്ടാരക്കര സബ് ജയിൽ, എറണാകുളം സബ് ജയിൽ പരിധിയിൽ മട്ടാഞ്ചേരി സബ് ജയിൽ, ആലുവസബ് ജയിൽ, മൂവാറ്റുപുഴ സബ്ജയിൽ, തൃശൂരിൽ വിയ്യൂർ സെൻട്രൽ ജയിൽ പരിധിയിൽ ഇരിങ്ങാലക്കുട സബ് ജയിൽ, കോഴിക്കോട്ട് ജില്ലാ ജയിൽ പരിധിയിൽ കൊയിലാണ്ടി സബ് ജയിൽ, വടകര സബ് ജയിൽ, കോഴിക്കോട് സ്പെഷൽ സബ് ജയിൽ എന്നിവയും കണ്ണൂരിൽ സെൻട്രൽ ജയിൽ പരിധിയിൽ, കണ്ണൂർ സബ് ജയിൽ, തലശേരി സ്പെഷൽ സബ് ജയിൽ, കണ്ണൂർ സ്പെഷൽ സബ്ജയിൽ എന്നിവിടങ്ങളിലാണ് പുതിയ സേവനം ലഭ്യമാക്കുന്നത്.

## എച്ച്ഐവി നിയന്ത്രണം: സന്നദ്ധ സംഘടനകളും പങ്കാളികളാകുന്നു

**എ**ച്ച്ഐവി നിയന്ത്രണ, പ്രതിരോധ പ്രവർത്തനങ്ങളിൽ സന്നദ്ധ സംഘടനകളും പങ്കാളികളാകുന്നു. കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ സന്നദ്ധസംഘടനകൾക്കു വേണ്ടി സംഘടിപ്പിച്ച ശിൽപശാലയിൽ എച്ച്ഐവി നിയന്ത്രണം, അണുബാധിതരുടെ സംരക്ഷണം തുടങ്ങിയ മേഖലകളിൽ ഇവരുടെ പങ്കാളിത്തം സംബന്ധിച്ച പ്രവർത്തന രൂപരേഖ തയാറാക്കി.

എച്ച്ഐവി അണുബാധ ഗ്രാമപ്രദേശങ്ങളിലേക്കു പടരുന്ന സാഹചര്യത്തിൽ സ്ത്രീകളും കുട്ടികളും കൂടുതലായി ഇതിന്റെ ഇരകളായി മാറുകയാണെന്ന് ശിൽപശാല ഉദ്ഘാടനം ചെയ്തു കൊണ്ട് കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി അഡീഷണൽ പ്രോജക്ട് ഡയറക്ടർ ഡോ. ടി.വി. വേലായുധൻ ചൂണ്ടിക്കാട്ടി.

എയ്ഡ്സ് ബാധിച്ചു മരിച്ചവരുടെ അനാഥരായ കുട്ടികളെ കണ്ടെത്തുക എന്നതും പ്രധാനപ്പെട്ട കാര്യമാണ്. ഈ രംഗത്ത് സന്നദ്ധസംഘടനകൾക്കു കാര്യമായി പ്രവർത്തിക്കാൻ സാധിക്കുമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ചടങ്ങിൽ കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി ബോധവത്കരണ വിഭാഗം ജോയിന്റ് ഡയറക്ടർ എസ്. അജയ്കുമാർ അധ്യക്ഷത വഹിച്ചു. മെയിൻസ്ട്രീമിംഗ് കൺസൾട്ടന്റ് ജി. സുനിൽകുമാർ സ്വാഗതവും ഡോക്യുമെന്റേഷൻ ആൻഡ് പബ്ലിസിറ്റി അസിസ്റ്റന്റ് ഡയറക്ടർ ജെ. ഡോമി നന്ദിയും പറഞ്ഞു.

തുടർന്ന് കെയർ ആൻഡ് സപ്പോർട്ട് ജോയിന്റ് ഡയറക്ടർ ഡോ. റീറ്റ ക്രോസ്, മെയിൻസ്ട്രീമിംഗ് കൺസൾട്ടന്റ് ജി. സുനിൽകുമാർ തുടങ്ങിയവർ ബന്ധപ്പെട്ട വിഷയങ്ങളിൽ ക്ലാസുകൾ കൈകാര്യം ചെയ്തു.

എച്ച്ഐവി നിയന്ത്രണ, ബോധവത്കരണ രംഗത്ത് സജീവമായി പ്രവർത്തിക്കുന്നവർ ഉൾപ്പെടെയുള്ള സന്നദ്ധസംഘടനകളുടെ പ്രതിനിധികളാണ് ശിൽപശാലയിൽ പങ്കെടുത്തത്.

## എച്ച്ഐവിയെ കുറിച്ച് ആകാശവാണിയിൽ ഫോൺ – ഇൻ പരിപാടി

**കേ**രള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി ആൾ ഇന്ത്യാ റേഡിയയുമായി സഹകരിച്ച് ഫോൺ ഇൻ പരിപാടി ആരംഭിച്ചു. എച്ച്ഐവിയെ കുറിച്ചും സന്നദ്ധ രക്തദാനത്തെ കുറിച്ചും പൊതുജനങ്ങൾക്കുള്ള സംശയങ്ങൾ ഫോണിലൂടെ ചോദിക്കാം.

മുഖ്യമായും യുവജനങ്ങളെ ലക്ഷ്യം വെയ്ക്കുന്ന പരിപാടിയിൽ വിദഗ്ധർ ഉൾക്കൊള്ളുന്ന പാനൽ ശ്രോതാക്കളുടെ സംശയങ്ങൾക്ക് മറുപടി നൽകും. ആകാശവാണിയുടെ ഏഴ് നിലയങ്ങളും പരിപാടി തത്സമയം പ്രക്ഷേപണം ചെയ്യും. എല്ലാ മാസത്തിലേയും നാലമത്തെ ശനിയാഴ്ച വൈകിട്ട് നാലിനാണ് പരിപാടി. ഓരോ മാസവും വ്യത്യസ്ത വിഷയങ്ങളിലുള്ള ചർച്ചയുമുണ്ടാകും.

1707066, 1707065 എന്ന നമ്പരുകളിലാണ് സംശയങ്ങൾ ചോദിക്കേണ്ടത്. തിരുവനന്തപുരത്തിന് പുറത്തു നിന്നു വിളിക്കുന്നവർ 0471 എന്ന കോഡ് കൂടെ ചേർക്കണം.

Printed & Published by Project Director, Kerala State AIDS Control Society (Dept. of Health and Family Welfare, Government of Kerala), Thiruvananthapuram - 35, www.ksacs.in
keralasacs@gmail.com, Ph: +91 471 2304882, 2303763, Fax: +91 471 2305183. HIV/AIDS Telecounselling No: 0484 2237020. For private circulation only.

KSACS
ആരോഗ്യ വകുപ്പ്
കേരള സർക്കാർ

# അറിയുക

കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ വാർത്താപത്രിക

Volume 4 | Issue 20 | July 2009

## കെ.സി.വൈ.എമ്മിന് ദശലക്ഷം രക്തദാതൃദേശീയസേന

# കേരളത്തിൽ തുടക്കമായി

**സ**ന്നദ്ധ രക്തദാന രംഗത്ത് വിപ്ലവകരമായ മാറ്റത്തിനു വഴിതെളിച്ചു കൊണ്ട് കേരള കത്തോലിക്കാ സഭയുടെ യുവജനവിഭാഗമായ കെ.സി.വൈ.എം ദശലക്ഷം രക്തദാതൃക്കളുടെ ദേശീയ സേന രൂപീകരിക്കുന്നു. ഇതിന്റെ സംസ്ഥാനതല ഉദ്ഘാടനം ചാലക്കുടി എസ്.എച്ച്. കോളജിൽ നടന്ന ചടങ്ങിൽ കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി ബ്ലഡ് സേഫ്റ്റി വിഭാഗം ജോയിന്റ് ഡയറക്ടർ ഡോ. സുശീല ഇൻന നിർവഹിച്ചു.

കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ സാങ്കേതിക സഹകരണത്തോടെയാണ് കെ.സി.വൈ.എം കേരളത്തിൽ രക്തദാതൃസേന രൂപീകരിക്കുന്നത്. ചടങ്ങിനോടനുബന്ധിച്ചു സംഘടിപ്പിച്ച സന്നദ്ധരക്തദാന ക്യാമ്പിൽ അമ്പതു വനിതകൾ രക്തം ദാനം ചെയ്തു.

കെ.സി.വൈ.എമ്മിന്റെ ഈ സദുദ്യമം വഴി രക്തം ലഭിക്കാതെ ഒരു രോഗി പോലും മരണമടയുന്ന അവസ്ഥ ഒഴിവാക്കാനും രക്തസുരക്ഷ ഉറപ്പു വരുത്താനും സാധിക്കുമെന്ന് ഡോ. സുശീല ചൂണ്ടിക്കാട്ടി. രക്തവിൽപന നടത്തുന്നവർ പലപ്പോഴും മാരകരോഗങ്ങൾ പരത്തുന്നുണ്ട്. സന്നദ്ധരക്തദാനം വഴി ഇതു തടയാൻ സാധിക്കും. കേരളത്തിലെ മൂന്നു ലക്ഷത്തോളം സന്നദ്ധ രക്തദാതാക്കളിൽ സ്ത്രീകൾ വെറും മൂന്നു ശതമാനം മാത്രമാണെന്നും സ്ത്രീകൾക്കിടയിൽ സന്നദ്ധരക്തദാനം പ്രോത്സാഹിപ്പിക്കാൻ ബോധവത്കരണം ആവശ്യമാണെന്നും ഡോ. സുശീല ചൂണ്ടിക്കാട്ടി.

ചടങ്ങിൽ കെ.സി.വൈ.എം. സംസ്ഥാന പ്രസിഡന്റ് ജോസഫ് തോമസ് അധ്യക്ഷത വഹിച്ചു.



*കെ.സി.വൈ.എം ദശലക്ഷം രക്തദാതൃക്കളുടെ ദേശീയ സേന രൂപീകരണ സംസ്ഥാനതല ഉദ്ഘാടനം കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി ബ്ലഡ് സേഫ്റ്റി വിഭാഗം ജോയിന്റ് ഡയറക്ടർ ഡോ. സുശീല ഇൻന നിർവഹിക്കുന്നു.*

ജൂബിലി മിഷൻ മെഡിക്കൽ കോളജ് ഡയറക്ടർ ഫാ. ഡോ. ഫ്രാൻസിസ് ആലപ്പാട്ട് മുഖ്യപ്രഭാഷണം നടത്തി. കെ.സി.വൈ.എം. സംസ്ഥാന ഡയറക്ടർ ഫാ. ജയ്സൺ കൊള്ളന്നൂർ, കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി ബോധവത്കരണ വിഭാഗം ജോയിന്റ് ഡയറക്ടർ എസ്. അജയ്കുമാർ, കെ.സി.വൈ.എം സംസ്ഥാന ജനറൽ സെക്രട്ടറി സന്തോഷ് അറയ്ക്കൽ, ഹിന്ദുസ്ഥാൻ ലാറ്റക്സ് ഫാമിലി പ്ലാനിംഗ് പ്രമോഷൻ ട്രസ്റ്റ് ഏരിയ മാനേജർ അനന്തശിവൻ, കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി യൂത്ത് അഫയേഴ്സ് കൺസൾട്ടന്റ് വി.ജെ. നിജോ, കെ.സി.വൈ.എം ഇരിങ്ങാലക്കുട രൂപതാ പ്രസിഡന്റ് ലിജോ പയ്യപ്പിള്ളി എന്നിവർ പ്രസംഗിച്ചു.

കെ.സി.വൈ.എം സംസ്ഥാന വനിതാ കൺവൻഷനോടനുബന്ധിച്ചു നടന്ന രക്തദാതൃക്കളുടെ ദേശീയ സേനാ രൂപീകരണത്തിൽ സംസ്ഥാനത്തൊട്ടാകെയുള്ള 29 രൂപതകളിൽ നിന്നായി നാനൂറോളം വനിതകൾ പങ്കെടുത്തു. രക്തദാനം ജീവദാനം പരിപാടിയുടെ ഭാഗമായി കെ.സി.വൈ.എമ്മും കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയും സംയുക്തമായാണ് ചടങ്ങു സംഘടിപ്പിച്ചത്.

## എച്ച്ഐവി അണുബാധിതർക്ക് സൗജന്യ ഭക്ഷണവും

**തി**രുവനന്തപുരം മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന എച്ച്ഐവി അണുബാധിതർക്കും കൂട്ടിരിപ്പുകാർക്കും ചികിത്സയോടൊപ്പം ഭക്ഷണവും സൗജന്യമായി നൽകി തുടങ്ങി. കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയും സന്നദ്ധ സംഘടനയായ ലൂർദ് മാതാ കെയറും സംയുക്തമായാണ് സൗജന്യ ഭക്ഷണ വിതരണം നടത്തുന്ന പദ്ധതി ആരംഭിച്ചിരിക്കുന്നത്.

പദ്ധതിയുടെ ഉദ്ഘാടനം കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി പ്രോജക്ട് ഡയറക്ടർ ഡോ. ഉഷാ ടൈറ്റസ് നിർവഹിച്ചു. നിലവിൽ എച്ച്ഐവി അണുബാധിതർക്ക് ചികിത്സ സൗജന്യമാണ്. എന്നാൽ ഇവർ ഭക്ഷണത്തിനു ബുദ്ധിമുട്ടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടു. ഇതേത്തുടർന്നാണ് സർക്കാർ ലൂർദ് മാതാ കെയറുമായി സഹകരിച്ചു പുതിയ പദ്ധതി നടപ്പിലാക്കിയത്. എച്ച്ഐവി അണുബാധിതരായി മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന എല്ലാവർക്കും ഈ സേവനം ലഭ്യമാകും.

ഭക്ഷണം ആശുപത്രിയിൽ എത്തിക്കാൻ ലൂർദ് മാത മൂന്നു പേരെ നിയമിച്ചിട്ടുണ്ട്. എച്ച്ഐവി അണുബാധിതർ മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സയ്ക്ക് പ്രവേശിക്കുന്നതു മുതൽ ആശുപത്രി വിടുന്നതു വരെയുള്ള ദിവസങ്ങളിൽ മൂന്നു നേരവും ഭക്ഷണം സൗജന്യമായി നൽകും.

മെഡിക്കൽകോളജ് ആശുപത്രിയിൽ നടന്ന ചടങ്ങിൽ കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി അഡീഷണൽ പ്രോജക്ട് ഡയറക്ടർ ഡോ. ടി.വി വേലായുധൻ, ബോധവത്കരണ വിഭാഗം ജോയിന്റ് ഡയറക്ടർ എസ്. അജയ്കുമാർ, പബ്ലിസിറ്റി വിഭാഗം അസിസ്റ്റന്റ് ഡയറക്ടർ ജെ. ഡോമി, ജിപ്പ കോ ഓർഡിനേറ്റർ അഞ്ജന, ലൂർദ് മാതാ കെയർ പ്രതിനിധികളായ ഫാ. സോണി മുണ്ടുനടയ്ക്കൽ, ടി.എം ടോമി, കെ.എം തോമസ്, അമ്പിളി രാജു തുടങ്ങിയവർ പങ്കെടുത്തു.



*തിരുവനന്തപുരം മെഡിക്കൽ കോളജ് ആശുപത്രിയിൽ എച്ച്ഐവി അണുബാധിതർക്ക് കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയും ലൂർദ് മാതാ കെയറും ചേർന്ന് സൗജന്യമായി ഭക്ഷണം നൽകുന്ന പദ്ധതിയുടെ ഉദ്ഘാടനം കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി പ്രോജക്ട് ഡയറക്ടർ ഡോ. ഉഷാ ടൈറ്റസ് നിർവഹിക്കുന്നു.*

# ഭാവി തലമുറയുടെ സുരക്ഷയ്ക്കായി നമുക്കു കൈകോർക്കാം

## പത്രാധിപക്കുറിപ്പ്

**എ**ച്ച്ഐവിയും എയ്ഡ്സും മാനവകുലത്തിനു നേരെ ഉയർത്തുന്ന ഭീഷണി ലോകം ഇന്നു തിരിച്ചറിഞ്ഞിട്ടുണ്ട്. ആഗോള സംഘടനകളും ലോകരാഷ്ട്രങ്ങളും വ്യാപകമായ ബോധവത്കരണ, കരുതൽ നടപടികളിലൂടെ ശക്തമായ പ്രതിരോധം ഉയർത്തിയതു വഴി ഈ ഭീഷണിയെ കുറെയൊക്കെ ചെറുക്കാൻ സാധിച്ചിട്ടുമുണ്ട്. എങ്കിലും എച്ച്ഐവിയും എയ്ഡ്സും ഇന്നും ലോകത്തെ ഭയപ്പെടുത്താൻ പര്യാപ്തമായ ഭീഷണി തന്നെ.

ഭാവി തലമുറയെ നശിപ്പിക്കുന്ന വൈറസിനെതിരെയുള്ള പോരാട്ടം നമ്മുടെ രാജ്യത്തും ശക്തമായി നടക്കുന്നുണ്ട്. ഈ രംഗത്ത് മാതൃകാപരമായ പ്രവർത്തനം കാഴ്ചവച്ചു കൊണ്ട് കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി ഇതിനകം രാജ്യത്തിന്റെ തന്നെ ശ്രദ്ധ പിടിച്ചു പറ്റിക്കഴിഞ്ഞു.

കേരളത്തിന്റെ പ്രത്യേക സാഹചര്യത്തിൽ വിദ്യാർഥികൾക്കും യുവജനങ്ങൾക്കുമിടയിൽ പ്രത്യേക പ്രവർത്തനങ്ങൾ നടത്താനുള്ള ശ്രമത്തിലാണ് ഇപ്പോൾ കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി. കേരളത്തിലെ യുവജനങ്ങളിലും വിദ്യാർഥികളിലും വലിയൊരു വിഭാഗം അന്യസംസ്ഥാനങ്ങളിൽ കഴിയുന്നുണ്ട്. പഠനത്തിനും ജോലിക്കുമായി അന്യസംസ്ഥാനങ്ങളിലേക്കും പുറംരാജ്യങ്ങളിലേക്കും പോകുന്നവരുടെ എണ്ണം താരതമ്യേന കൂടുതലാണിവിടെ.

ലൈംഗികമായി ഏറ്റവും സജീവമായിരിക്കുന്ന ഈ പ്രായത്തിൽ ചെറുപ്പക്കാരുടെ ഇടയിൽ എച്ച്ഐവിയെക്കുറിച്ചുള്ള അവബോധം എത്തിക്കുകയും ശരിയായ മനോഭാവം വളർത്തിയെടുക്കുകയും ചെയ്യേണ്ടതുണ്ട്. ഈയൊരു പ്രത്യേക സാഹചര്യം പരിഗണിച്ചു കൊണ്ട് യുവാക്കൾക്കും വിദ്യാർഥികൾക്കുമിടയിൽ പ്രവർത്തനങ്ങൾ വിപുലമാക്കാനുള്ള നടപടികളാണ് ആരംഭിച്ചിട്ടുള്ളത്.

കോളജുകളിൽ ഇപ്പോൾ തന്നെ കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ റെഡ് റിബൺ ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ട്. എച്ച്ഐവി പ്രതിരോധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക, ശരിയായ ജീവിതത്തിനുള്ള നൈപുണ്യങ്ങൾ വളർത്തിയെടുക്കുക, ബോധവത്കരണം നടത്തുക, സന്നദ്ധ രക്തദാനം പ്രചരിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് ഈ ക്ലബ്ബുകൾ പ്രവർത്തിച്ചു വരുന്നത്.

കൂടുതൽ കോളജുകളിൽ റെഡ് റിബൺ ക്ലബ്ബുകൾ ആരംഭിക്കാനും നിലവിലുള്ള ക്ലബ്ബുകളുടെ പ്രവർത്തനം കൂടുതൽ സജീവമാക്കാനുമുള്ള കർമപദ്ധതികളാണ് ഇപ്പോൾ ആവിഷ്കരിച്ചിരിക്കുന്നത്.

കോളജുകൾക്കു പുറത്തുള്ള യുവജനസമൂഹത്തിലേക്കും എച്ച്ഐവി പ്രതിരോധ സന്ദേശം എത്തേണ്ടതുണ്ട്. ഇതിനായി യുവജന ക്ലബ്ബുകൾ വഴി എച്ച്ഐവി പ്രതിരോധ, ബോധവത്കരണ പ്രവർത്തനങ്ങൾ വിപുലമായി സംഘടിപ്പിച്ചു തുടങ്ങിയിട്ടുണ്ട്.

വിവിധ യുവജനസംഘടനകൾ രക്തദാന രംഗത്തും മറ്റും സജീവമായി പ്രവർത്തിച്ചു തുടങ്ങിയതായി കാണുന്നുണ്ട്. അങ്ങേയറ്റം സന്തോഷകരമായ കാര്യമാണിത്. നമ്മുടെ ഭാവി തലമുറയെ രക്ഷിക്കാനുള്ള ഈ മുന്നേറ്റത്തിൽ പൊതുസമൂഹത്തിനും സർക്കാരിനുമൊപ്പം ഉത്തരവാദിത്വപ്പെട്ട എല്ലാ യുവജന, വിദ്യാർഥി പ്രസ്ഥാനങ്ങളും കൂടി അണി ചേരണമെന്ന് അഭ്യർഥിക്കുകയാണ്.

**ഡോ. ഉഷ ടൈറ്റസ് ഐഎഎസ്**
പ്രോജക്ട് ഡയറക്ടർ

# എച്ച്ഐവി ബോധവത്കരണം കോളജുകളിലേക്ക്; എൻഎസ്എസ് ഓഫീസർമാർക്ക് ശില്പശാല

**എ**ച്ച്ഐവി ബോധവത്കരണവും ജീവിത നൈപുണ്യ വിദ്യാഭ്യാസവും കോളജ് വിദ്യാർഥികൾക്ക് നൽകുന്നതിനായി റെഡ് റിബൺ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നു. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ വിവിധ കോളജുകളിലെ എൻഎസ്എസ് പ്രോഗ്രാം ഓഫീസർമാരെ പങ്കെടുപ്പിച്ചു കൊണ്ട് കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊ സൈറ്റി ശില്പശാലകൾ നടത്തി.

എറണാകുളം, കോട്ടയം, തൃശൂർ, ഇടുക്കി ജില്ലകളിലെ സർക്കാർ - എയ്ഡഡ് - അൺഎയ്ഡഡ് കോളജുകളിലെ എൻഎസ്എസ് പ്രോഗ്രാം ഓഫീസർമാർക്കായി കലൂർ റിന്യൂവൽ സെന്ററിൽ സംഘടിപ്പിച്ച ശില്പശാല എൻഎസ്എസ് സ്റ്റേറ്റ് ലെയ്സൺ ഓഫീസർ അനിത ശങ്കർ ഉദ്ഘാടനം ചെയ്തു. ഹിന്ദുസ്ഥാൻ ലാറ്റക്സ് ഫാമിലി പ്ലാനിംഗ് പ്രമോഷൻ ട്രസ്റ്റ് സീനിയർ പ്രോഗ്രാം മാനേജർ ബേബി പ്രഭാകർ രക്തദാനത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും ജ്യോതിസ് കൗൺസലർ ബിനോജ് പി. വർഗീസ് എച്ച്ഐവിയെക്കുറിച്ചും കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി യൂത്ത് അഫയേഴ്സ് കൺസൾട്ടന്റ് വി.ജെ നിജോ റെഡ് റിബൺ ക്ലബ്ബുകളുടെ പ്രവർത്തനങ്ങളെക്കുറിച്ചും ക്ലാസുകൾ എടുത്തു.

കണ്ണൂർ, കാലക്കറ്റ് സർവകലാശാലകളുടെ കീഴിലുള്ള കോളജുകളിലെ എൻഎസ്എസ് പ്രോഗ്രാം ഓഫീസർമാരെ പങ്കെടുപ്പിച്ചുകൊണ്ട് കോഴിക്കോട് ഹോട്ടൽ റിനൈസൺസിൽ ശില്പശാല നടത്തി.




*തിരുവനന്തപുരത്ത് നടന്ന ശില്പശാലയിൽ കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി യൂത്ത് അഫയേഴ്സ് കൺസൾട്ടന്റ് വി.ജെ. നിജോ ക്ലാസ് എടുക്കുന്നു.*

തൃശൂർ മുതൽ കാസർഗോഡ് വരെയുള്ള ജില്ലകളിലെ സർക്കാർ - എയ്ഡഡ് - അൺഎയ്ഡഡ് കോളജുകളിലെ എൻഎസ്എസ് പ്രോഗ്രാം ഓഫീസർ പങ്കെടുത്തു. ശില്പശാല കണ്ണൂർ സർവകലാശാല എൻഎസ്എസ് കോ ഓർഡിനേറ്റർ അനിൽകുമാർ ഉദ്ഘാടനം ചെയ്തു. എൻഎസ്എസ് ടെക്നിക്കൽ സെൽ കോ ഓർഡിനേറ്റർ ഖാലിദ് അധ്യക്ഷത വഹിച്ച ചടങ്ങിൽ കാലിക്കറ്റ് സർവകലാശാല എൻഎസ്എസ് കോ ഓർഡിനേറ്റർ മൊയ്തീൻകുട്ടി ആശംസകൾ നേർന്നു.

കോഴിക്കോട് മെഡിക്കൽ കോളജ് ട്രാൻസ്ഫ്യൂഷൻ മെഡിസിൻ വിഭാഗം മേധാവി ഡോ. കെ. പി. ശശിധരൻ, കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി ഡോക്യുമെന്റേഷൻ ആൻഡ് പബ്ലിസിറ്റി അസിസ്റ്റന്റ് ഡയറക്ടർ ജെ. ഡോമി, യൂത്ത് അഫയേഴ്സ് കൺസൾട്ടന്റ് വി.ജെ. നിജോ എന്നിവർ ക്ലാസുകൾ എടുത്തു.

റെഡ് റിബൺ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിന്റെ രൂപരേഖ തയാറാക്കുന്നതിനായി കേരള സർവകലാശാലയുടെ കീഴിലുള്ള കോളജുകൾ, കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയുടെ തിരുവനന്തപുരം സെന്റർ, കാർഷിക സർവകലാശാല വെള്ളായണി സെന്റർ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ എന്നിവിടങ്ങളിലുള്ള എൻഎസ്എസ് പ്രോഗ്രാം ഓഫീസർമാരെ പങ്കെടുപ്പിച്ചുകൊണ്ട് തിരുവനന്തപുരത്ത് ശില്പശാല നടത്തി.

ശില്പശാല കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി അഡീഷണൽ പ്രോജക്ട് ഡയറക്ടർ ഡോ. ടി.വി. വേലായുധൻ ഉദ്ഘാടനം ചെയ്തു. ഐ.സി.ടി.സി അസിസ്റ്റന്റ് ഡയറക്ടർ ഡോ. റബേക്ക ചടങ്ങിൽ അധ്യക്ഷത വഹിച്ചു. ബോധവത്കരണവിഭാഗം ജോയിന്റ് ഡയറക്ടർ എസ്. അജയ്കുമാർ, എൻഎസ്എസ് സ്റ്റേറ്റ് ലെയ്സൺ ഓഫീസർ അനിത ശങ്കർ, എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി ഡോക്യുമെന്റേഷൻ ആൻഡ് പബ്ലിസിറ്റി അസിസ്റ്റന്റ് ഡയറക്ടർ ജെ. ഡോമി തുടങ്ങിയവർ പ്രസംഗിച്ചു. കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ ബ്ലഡ് സേഫ്റ്റി വിഭാഗം ജോയിന്റ് ഡയറക്ടർ ഡോ. സുശീല ഇന്നൻ, ഐ.സി.ടി.സി അസിസ്റ്റന്റ് ഡയറക്ടർ ഡോ. റബേക്ക, യൂത്ത് അഫയേഴ്സ് കൺസൾട്ടന്റ് വി.ജെ. നിജോ എന്നിവർ ക്ലാസുകൾ എടുത്തു.





# യുവജനങ്ങൾക്കിടയിൽ എച്ച്ഐവി ബോധവത്കരണവും സന്നദ്ധ രക്തദാനവും വ്യാപകമാക്കുന്നു

**യു**വജനങ്ങൾക്കിടയിൽ എച്ച്ഐവി അവബോധ പ്രവർത്തനങ്ങളും സന്നദ്ധ രക്തദാനവും വ്യാപകമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നു. സംസ്ഥാനത്തുടനീളം ശില്പശാലകൾ സംഘടിപ്പിച്ചു കൊണ്ട് ഇതിനുള്ള കർമപദ്ധതികൾ കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി ആവിഷ്കരിച്ചു തുടങ്ങി.

തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലായി യുവജനസംഘടനകളെ പങ്കെടുപ്പിച്ചു കൊണ്ട് ഇതിനകം ഏകദിന ക്യാമ്പുകൾ നടത്തി. സന്നദ്ധ രക്തദാനം ശക്തിപ്പെടുത്തുക, എച്ച്ഐവിയെക്കുറിച്ച് യുവജനങ്ങൾക്കിടയിൽ ബോധവത്കരണം നടത്തുക, നാട്ടിൻപുറങ്ങളിലും നഗരത്തിലും പ്രവർത്തിക്കുന്ന യുവജന ക്ലബ്ബുകൾ വഴി ഇതിനായുള്ള നയപരിപാടികൾ ആവിഷ്കരിക്കുക തുടങ്ങിയവയാണ് ശില്പശാലകളിൽ ചർച്ച ചെയ്യപ്പെട്ട കാര്യങ്ങൾ. കേരളത്തിലെ വലിയൊരു വിഭാഗം യുവാക്കൾ അന്യസംസ്ഥാനങ്ങളിലും മറ്റും ജീവിക്കേണ്ടിവരുന്ന പ്രത്യേക സാഹചര്യത്തിൽ എച്ച്ഐവി അണുബാധയ്ക്കെതിരെ ശക്തമായ ബോധവത്കരണം അനിവാര്യമാണെന്ന് ശില്പശാലകളിൽ അഭിപ്രായമുയർന്നു.

തിരുവനന്തപുരത്തു നടന്ന ദ്വിദിന ശില്പശാല കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി അഡീഷണൽ പ്രോജക്ട് ഡയറക്ടർ ഡോ. ടി.വി. വേലായുധൻ ഉദ്ഘാടനം ചെയ്തു.

ബോധവത്കരണ വിഭാഗം ജോയിന്റ് ഡയറക്ടർ എസ്. അജയ്കുമാർ അധ്യക്ഷത വഹിച്ചു. കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി യുവജനകാര്യ കൺസൾട്ടന്റ് വി.ജെ. നിജോ, മെയിൻസ്ട്രീമിംഗ് കൺസൾട്ടന്റ് ജി. സുനിൽകുമാർ, നെഹ്റു യുവകേന്ദ്ര സോണൽ ഡയറക്ടർ എസ്. സതീഷ്, നാഷണൽ സർവീസ് സ്കീം സ്റ്റേറ്റ് ലെയ്സൺ ഓഫീസർ അനിത ശങ്കർ, നാഷണൽ സർവീസ് സ്കീം റീജണൽ ഹെഡ് സാമുവൽ ചെല്ലയ്യ, എസ്.ടി.ആർ.സിയിലെ സുരേഷ് ബാബു, യൂത്ത് വെൽഫെയർ ബോർഡ് പ്രോജക്ട് ഓഫീസർ രഞ്ജിത് മമ്പ്രത്ത്, കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി ജിപ്പ കോ ഓർഡിനേറ്റർ അഞ്ജന എന്നിവർ വിവിധ വിഷയങ്ങളെക്കുറിച്ച് പ്രബന്ധങ്ങൾ അവതരിപ്പിച്ചു. സ്കൗട്ട് ആൻഡ് ഗൈഡ്സ്, നാഷണൽ സർവീസ് സ്കീം, കെ.സി.വൈ.എം, നെഹ്റു യുവകേന്ദ്ര, ഡോൺ ബോസ്കോ, ഹിന്ദുസ്ഥാൻ ലാറ്റക്സ് ഫാമിലി പ്ലാനിംഗ് പ്രമോഷൻ ട്രസ്റ്റ് എന്നിവയുടെ പ്രതിനിധികളാണ് ശില്പശാലയിൽ പങ്കെടുത്തത്.

കോഴിക്കോട് ജില്ലയിൽ നെഹ്റു യുവകേന്ദ്രയോട് അഫീലിയേറ്റ് ചെയ്തു പ്രവർത്തിക്കുന്ന യൂത്ത് ക്ലബ്ബുകളുടെ പ്രതിനിധികളെ പങ്കെടുപ്പിച്ചു കൊണ്ട് കോഴിക്കോട്ട് ഹോട്ടൽ റിനൈസൺസിൽ നടന്ന ശില്പശാല നെഹ്റു യുവകേന്ദ്ര ജില്ലാ യൂത്ത് കോ ഓർഡിനേറ്റർ ജയപ്രകാശ് ഉദ്ഘാടനം ചെയ്തു.

കൺസൾട്ടന്റ് ഡോ. ജോസഫ് മൂഞ്ഞാട്ട് ചടങ്ങിൽ അധ്യക്ഷത വഹിച്ചു. ഹിന്ദുസ്ഥാൻ ലാറ്റക്സ് ഫാമിലി പ്ലാനിംഗ് പ്രമോഷൻ ട്രസ്റ്റ് (എച്ച്.എൽ.എഫ്.പി.പി.ടി) പ്രോഗ്രാം ഓഫീസർ അനന്തശിവൻ ആശംസ അർപ്പിച്ചു.

കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി ഡോക്യുമെന്റേഷൻ ആൻഡ് പബ്ലിസിറ്റി അസിസ്റ്റന്റ് ഡയറക്ടർ ജെ. ഡോമി, യൂത്ത് അഫയേഴ്സ് കൺസൾട്ടന്റ് വി.ജെ. നിജോ, എച്ച്.എൽ.എഫ്.പി.പി.ടി പ്രോഗ്രാം കോ ഓർഡിനേറ്റർ പി. മുരളീധരൻ എന്നിവർ ക്ലാസുകൾ എടുത്തു.

ഈ രൂപരേഖ സംസ്ഥാനത്തെ ക്ലബ്ബുകൾക്ക് ഉപയോഗിക്കുന്നതിനായി www.ksacs.in എന്ന വെബ്സൈറ്റിൽ നിന്നും ലഭ്യമാക്കുമെന്ന് എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി അധികൃതർ അറിയിച്ചു.

എറണാകുളത്തെ അൻപതോളം യുവജന ക്ലബ്ബുകളുടെ പ്രതിനിധികൾക്കായി സംഘടിപ്പിച്ച ശില്പശാല നെഹ്റു യുവകേന്ദ്ര സോണൽ ഡയറക്ടർ എസ്. സതീഷ് ഉദ്ഘാടനം ചെയ്തു. ഹിന്ദുസ്ഥാൻ ലാറ്റക്സ് ഫാമിലി പ്ലാനിംഗ് പ്രമോഷൻ ട്രസ്റ്റ് പ്രോഗ്രാം എക്സിക്യൂട്ടീവ് അനന്ത ശിവൻ, നെഹ്റു യുവ കേന്ദ്ര ജില്ലാ കോഓർഡിനേറ്റർ മോളി തുടങ്ങിയവർ പങ്കെടുത്തു.




*എറണാകുളത്തെ യുവജന ക്ലബ്ബുകൾക്കായി സംഘടിപ്പിച്ച ശില്പശാലയിൽ നെഹ്റു യുവകേന്ദ്ര ജില്ലാ കോഓർഡിനേറ്റർ മോളി സംസാരിക്കുന്നു.*

## സംസ്ഥാന ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിൽ നിയമങ്ങൾ കർശനമാക്കുന്നു

**കേ**രള സംസ്ഥാന ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിൽ സംസ്ഥാനത്തെ ബ്ലഡ് ബാങ്കുകളുടെ പ്രവർത്തനത്തിനുള്ള നിയമവ്യവസ്ഥകൾ കർശനമാക്കുന്നു. ഇനി മുതൽ പുതുതായി ആരംഭിക്കുന്നതും ലൈസൻസ് പുതുക്കുന്നതുമായ സംസ്ഥാനത്തെ ബ്ലഡ് ബാങ്കുകൾക്ക് കേരള സംസ്ഥാന ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിലിന്റെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് നിർബന്ധമാക്കി. ബ്ലഡ് ബാങ്ക് തുടങ്ങുന്നതിന് ഡ്രഗ്സ് കൺട്രോളർ ജനറലിന്റെ അംഗീകാരം മാത്രം മതിയായിരുന്നു.

ഇനി മുതൽ ബ്ലഡ് ബാങ്കുകൾ ഭൗതിക സൗകര്യങ്ങൾ ഒരുക്കിയതിനു ശേഷമേ അംഗീകാരത്തിനായി അധികൃതരെ സമീപിക്കാവൂ. ബ്ലഡ് ബാങ്കുകളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിന് ഡ്രഗ്സ് കൺട്രോളർ വിഭാഗത്തിന്റെ പരിശോധന കൂടാതെ ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിലിന്റെ അടിക്കടിയുള്ള പരിശോധനയും ഉണ്ടാകും. വർഷത്തിൽ 2000 യൂണിറ്റിൽ കൂടുതൽ രക്തം ശേഖരിക്കാൻ കഴിയുന്ന രക്തബാങ്കുകൾക്ക് മാത്രമെ അംഗീകാരം നിലനിർത്താൻ സാധിക്കൂ. നാഷണൽ ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിലിന്റെ നിർദേശപ്രകാരമാണ് നിയമവ്യവസ്ഥകൾ കർശനമാക്കുന്നത്.

## എച്ച്ഐവി അണുബാധിതർ ഇനി മുതൽ ഇമ്മ്യൂണോ കോമ്പ്രമൈസ്ഡ്

**എ**ച്ച്ഐവി അണുബാധിതരെയും എയ്ഡ്സ് ബാധിതരെയും ഇനി മുതൽ റെയിൽവെ ഇമ്യൂണോ കോമ്പ്രമൈസ്ഡ് എന്ന് രേഖപ്പെടുത്തും. എ.ആർ.ടി സെന്ററുകളിലേക്ക് ചികിത്സയ്ക്കായി യാത്ര ചെയ്യുന്നവർക്ക് റെയിൽവെ നൽകുന്ന സൗജന്യ യാത്രാപാസുകളിൽ ഇതു വരെ എയ്ഡ്സ് രോഗി എന്നാണ് എഴുതിയിരുന്നത്. യാത്രാപാസുകളുടെ കാലാവധിയും റെയിൽവെ വർധിപ്പിച്ചു.

മൂന്നു മാസ കാലാവധിയുണ്ടായിരുന്ന പാസുകൾക്ക് ഇനി ആറു മാസം വരെ കാലാവധിയുണ്ടാകും. ഇതു സംബന്ധിച്ച ഉത്തരവ് റെയിൽവെ പുറത്തിറക്കി.

## എച്ച്ഐവി അണുബാധിതർക്ക് സൗജന്യ ഉച്ചഭക്ഷണം

**തൃ**ശൂർ മെഡിക്കൽ കോളജിലെ എ.ആർ.ടി സെന്ററിൽ ചികിത്സയ്ക്കെത്തുന്ന എച്ച്ഐവി അണുബാധിതർക്കും എയ്ഡ്സ് ബാധിതർക്കും സൗജന്യ ഉച്ചഭക്ഷണം നൽകുന്ന പദ്ധതി ആരംഭിച്ചു. കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ കീഴിലുള്ള തൃശൂർ പ്രത്യാശ കേന്ദ്രത്തിലാണ് ഭക്ഷണം വിതരണം ചെയ്യുന്നത്. അഭയം ചാരിറ്റബിൾ ട്രസ്റ്റ്, ടി.എൻ.ടി പ്ലസ് എന്നിവയുടെ സഹായത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്.